"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയിൽ ശുചീകരണ തൊഴിലാളിയായിരുന്ന ശ്രീ. സാംബശിവൻ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന കാലയളവ് നോൺ - ഡ്യൂട്ടി ആയി ക്രമീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.468/2025/LSGD തീയതി,തിരുവനന്തപുരം, 14-02-2025

---

പരാമർശം:- പ്രിൻസിപ്പൽ ഡയറക്ടറുടെ 12.12.2024 ലെ LSGD/PD/11933/2024-DEF4 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ ശുചീകരണ തൊഴിലാളിയായിരിക്കെ 31.07.2023 ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീ. സാംബശിവന്റെ 16.08.2010 മുതൽ 09.10.2012 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് പെൻഷനോ മറ്റ് ആനുകൂല്യങ്ങൾക്കോ കണക്കാക്കുകയില്ലായെന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധിയായി അനുവദിക്കുന്നതിന് പരാമർശം പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിച്ച് കൊണ്ടുള്ള 17.08.2016 ലെ സ.ഉ (എം.എസ്) നം.118/2016/തസ്വഭവ ഉത്തരവിൽ ശൂന്യവേതനാവധി (LWA) ഉൾപ്പെട്ടിട്ടില്ലാത്തതിനാലും വ്യക്തമായ ഉത്തരവുകളുടെ അഭാവത്തിലും ശ്രീ.പി.സാംബശിവന്റെ 16.08.2010 മുതൽ 09.10.2012 വരെയുള്ള അനധികൃത ഹാജരില്ലായ്മ ശൂന്യവേതന അവധി അനുവദിച്ച് ക്രമീകരിക്കാനാവില്ല .

3. മേൽ സാഹചര്യത്തിൽ,തിരുവനന്തപുരം നഗരസഭയിൽ ശുചീകരണ തൊഴിലാളിയായിരിക്കെ 31.07.2023 ൽ സർവീസിൽ നിന്നും വിരമിച്ച ശ്രീ. സാംബശിവന്റെ 16.08.2010 മുതൽ 09.10.2012 വരെയുള്ള അനധികൃത ഹാജരില്ലായ്മ, സേവന ഭംഗം ഒഴിവാക്കുവാനായി, ടി കാലയളവ് നോൺ - ഡ്യൂട്ടി ആയി ക്രമീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ

ശ്രീ. സാംബശിവൻ, റിട്ടേർഡ് കണ്ടിജന്റ് വർക്കർ, ഉള്ളൂർ സോണൽ ഓഫീസ്, തിരുവനന്തപുരം കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 14-02-2025 15:56:27
സെക്ഷൻ ഓഫീസർ